**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. ഒഴിവാക്കിയതു മൂലമുള്ള നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പാക്കുചെയ്ത നിത്യോപയോഗ സാധനങ്ങളെ ജി.എസ്.ടി. ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇത് സംബന്ധിച്ച വിജ്ഞാപനങ്ങളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. പാക്കേജ് ചെയ്യപ്പെട്ടതും ബ്രാൻഡഡ് ആയിട്ടുള്ളതുമായ അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് നേരത്തെ തന്നെ 5% ജി.എസ്.ടി. ബാധകമായിരുന്നു. നിലവിൽ അത് പാക്കേജ് ചെയ്യപ്പെട്ടതും ലേബൽ ചെയ്യപ്പെട്ടതും എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും നികുതി ചുമത്തിയിട്ടില്ല. സാധാരണയായി ഇത്തരം സാധനങ്ങൾ മില്ലുകളിൽ നിന്നും മൊത്ത വ്യാപാരികൾക്കും ചെറുകിട വ്യാപാരികൾക്കും എത്തുന്നത് 50 കിലോയും അതിനു മുകളിലുമുള്ള പാക്കറ്റുകൾ ആയിട്ടാണ്. ഇതിന് നിലവിൽ ജി.എസ്.ടി. ബാധകമല്ല. ഇത് സാധാരണക്കാർക്ക് ലൂസ് ആയി തൂക്കിക്കൊടുക്കുന്നതിനും ജി.എസ്.ടി. ബാധകമല്ല. പുതുക്കിയ നികുതി നിരക്ക് മൂലം നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടായ നികുതി വർദ്ധനവ് സാധാരണക്കാരെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം സംസ്ഥാന ഖജനാവിന് പ്രതിവർഷം ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇത് സംബന്ധിച്ച വിജ്ഞാപനങ്ങളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. പാക്കേജ് ചെയ്യപ്പെട്ടതും ബ്രാൻഡഡ് ആയിട്ടുള്ളതുമായ അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് നേരത്തെ തന്നെ 5% ജി.എസ്.ടി. ബാധകമായിരുന്നു. നിലവിൽ അത് പാക്കേജ് ചെയ്യപ്പെട്ടതും ലേബൽ ചെയ്യപ്പെട്ടതും എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും നികുതി ചുമത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | സാധാരണയായി ഇത്തരം സാധനങ്ങൾ മില്ലുകളിൽ നിന്നും മൊത്ത വ്യാപാരികൾക്കും ചെറുകിട വ്യാപാരികൾക്കും എത്തുന്നത് 50 കിലോയും അതിനു മുകളിലുമുള്ള പാക്കറ്റുകൾ ആയിട്ടാണ്. ഇതിന് നിലവിൽ ജി.എസ്.ടി. ബാധകമല്ല. ഇത് സാധാരണക്കാർക്ക് ലൂസ് ആയി തൂക്കിക്കൊടുക്കുന്നതിനും ജി.എസ്.ടി. ബാധകമല്ല. പുതുക്കിയ നികുതി നിരക്ക് മൂലം നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടായ നികുതി വർദ്ധനവ് സാധാരണക്കാരെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ